(ബി) സമയം നീട്ടി നൽകിയവ മുഴുവൻ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കട്ടനാട് പാക്കേജ് പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലെ മൂന്ന് പ്രവൃത്തികൾക്കാണ് സമയം നീട്ടി നൽകിയിട്ടുള്ളത്.

1. കല്ലറ ഗ്രാമപഞ്ചായത്തിലെ ഹരിജൻ ബ്ലോക്കിൽ ഗ്രൂപ്പ് 19-ൽപ്പെട്ട പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം.
2. കല്ലറ ഗ്രാമപഞ്ചായത്തിലെ ഗിരിജൻ ബ്ലോക്കിൽ ഗ്രൂപ്പ് 19-ൽപ്പെട്ട പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം.
3. കല്ലറ ഗ്രാമപഞ്ചായത്തിലെ മുണ്ടാർ ബ്ലോക്കിൽ ഗ്രൂപ്പ് 19-ൽപ്പെട്ട പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം.

(ബി) പൂർത്തീകരിച്ചിട്ടില്ല. 2016 മാർച്ച് 31-ന് പൂർത്തീകരിക്കുന്നതിനായുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

കടൽത്തീരം സംരക്ഷിക്കുവാൻ നടപടി

153 (2433) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽതീരം സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കരിങ്കൽ ഭിത്തി നിർമ്മാണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; കരിങ്കൽ കടൽഭിത്തി നിർമ്മാണം എവിടെയെല്ലാമാണ് നടത്തുന്നത് ; അത് ഏതുഘട്ടം വരെയായി;

(സി) തീരസംരക്ഷണത്തിനായി കണ്ടൽ, കൈത, കാറ്റാടി എന്നിവ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടലാക്രമണ പ്രതിരോധത്തിന്റെ ഭാഗമായി പുതിയ കടൽഭിത്തിയുടെ നിർമ്മാണവും തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണവും അറ്റകുറ്റ പ്രവൃത്തി കളുമാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. കൂടാതെ, കടൽത്തീര സംരക്ഷണത്തിന്റെ ഭാഗമായി പുലിമുട്ടുകളുടെ നിർമ്മാണവും നടത്താറുണ്ട്.

(ബി) മദ്രാസ് ഐ.ഐ.റ്റി.-യും സി.ഡബ്ല്യു.പി.ആർ.എസ്. പൂനെയും കൂടി ച്ച സ്ഥലങ്ങളിൽ പഠനം നടത്തിയിട്ടുണ്ട്. സി.ഡബ്ല്യു.പി.ആർ.എസ്. പൂനെ വഴി കേരളത്തിലുടനീളം പഠനം നടത്താനുള്ള നടപടികൾ നടന്നുവരുന്നു. ചേറിയമുട്ടം മുതൽ വേളിവരെയും പെരുമാതുറ മുതൽ അഞ്ചുതെങ്ങ് വരെയും കരിങ്കൽ കടൽഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ട്. ചെല്ലാനം, വൈപ്പിൻ ഭാഗങ്ങളിലും തൃശ്ശൂരിൽ പെരിഞ്ഞനത്ത് 50 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മാണം നടത്തിവരുന്നു. പരപ്പനങ്ങാടി നഗരസഭയിൽ ആലിങ്ങൽ ബീച്ചിൽ 300 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ നടത്തിവരുന്ന കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ:

1. ആറാട്ടുപുഴ പഞ്ചായത്തിൽ വലിയഴിക്കൽ 96.00 മീറ്ററും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പാനൂരിൽ 700.00 മീറ്ററും കടൽഭിത്തിയുടെ പുനരുദ്ധാരണം നടത്തിവരുന്നു.
2. ആറാട്ടുപുഴ ബസ്സ്റ്റാന്റിന് സമീപം 26.00 ലക്ഷം രൂപയുടെ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി ടെൻഡർ ചെയ്തു.

കൂടാതെ ആലപ്പുഴ ജില്ലയിൽ ആലപ്പുഴ, ചേർത്തല നിയോജക മണ്ഡലങ്ങളിൽ രണ്ട് വീതം പുലിമുട്ടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. ആറാട്ടുപുഴയിൽ രണ്ട് പുലിമുട്ടുകളുടെയും പണി പുരോഗമിക്കുന്നു. കൂടാതെ, പുറക്കാട് 22.00 കോടി രൂപയുടെയും ഹരിപ്പാട് കാർഗിലിൽ 3.00 കോടി രൂപയുടെയും പുലിമുട്ടുകളുടെ നിർമ്മാണത്തിന് പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. കൊല്ലത്ത് താന്നി മുതൽ കാക്കത്തോപ്പ് വരെ 26 പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ആലപ്പാട് പഞ്ചായത്തിലെ പുലിമുട്ട് നിർമ്മാണം പൂർത്തിയാവുകയും കരിക്കശ്ശേരിയിൽപുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലുമാണ്. കോഴിക്കോട് ഡിവിഷനുകീഴിൽ ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) തീരസംരക്ഷണത്തിനായി ശംഖുമുഖത്തും കാക്കത്തോപ്പ് ഭാഗത്തും കാറ്റാടി മരങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.